## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 721** **13/01/2021 ൽ മറുപടിക്ക്**

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u>**

**ചോദ്യം** **മറുപടി**

**ശ്രീ . ഷാഫി പറമ്പിൽ**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2020/12/18 ലെ ROC.NO..20/3701 Est-1 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളിൽ ഇളവുവരുത്തി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചെറിയ രീതിയിലുള്ള പരിപാടികൾ നടത്താനുള്ള അനുവാദം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | 18/12/2020-ലെ ROC.No.3701/20/Est-1 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളിൽ ഇളവുവരുത്തി 29/12/2020-ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

4872995/2021/REV (DEV)

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

കോവിഡ് 19 പ്രതിരോധ നടപടികൾ - തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് സ്റ്റേജ്ഷോകൾ നടത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 3701/20/Est-1 (ii) നന്തൻകോട്, 29/12/2020

---

പരാമർശം :- 1) 18-12-2020 ലെ ROC 3701/20/Est-1 നമ്പർ ബോർഡുത്തരവ്.
2) 28-12-2020 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിരുന്ന പരാമർശം 1 ഉത്തരവിൽ സ്റ്റേജ്ഷോകൾ അനുവദിക്കുന്നതല്ല എന്ന് പ്രതിപാദിച്ചിരുന്നു. സ്റ്റേജ്ഷോകൾ ആൾക്കൂട്ടത്തിന് ഇടയാക്കും എന്നത് കണക്കിലെടുത്ത് കോവിഡ് - 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു നിബന്ധന ഏർപ്പെടുത്തിയത്. ഈ തീരുമാനത്തിനെതിരെ കലാകാരന്മാരുടെ സംഘടനകൾ നിരവധി നിവേദനങ്ങൾ നൽകുകയുണ്ടായി. ആയവ പരിഗണിച്ച് പരാമർശം 1 ലെ പ്രസ്തുത നിബന്ധന താഴെപറയും പ്രകാരം ഭേദഗതി ചെയ്ത് ബോർഡ് ഉത്തരവാകുന്നു.

1. ആചാരപരമായി നടത്തുന്ന ക്ഷേത്രകലകൾ നടത്തുന്നതിന് വിലക്കുണ്ടാകില്ല. എന്നാൽ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. സ്റ്റേജ് പരിപാടികൾ അതത് പ്രദേശത്തെ പോലീസ് അധികൃതരുടെ കൂടി അനുമതി വാങ്ങിക്കൊണ്ട് കോവിഡ് - 19 മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുന്നതിന് അനുമതി നൽകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

Scanned by CamScanner

പകർപ്പ് :-

എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും

1. ഇ.ഡി.പി. സെക്ഷൻ
2. മിനിറ്റ്സ് സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK

Scanned by CamScanner